"ഭരണഭാഷ - മാതൃഭാഷ"

നം:-വൈ (2)/14406/2024/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 07-10-2024

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - സ്കൂൾ കലോത്സവം- 2024-25- നടത്തിപ്പുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന :- സർക്കാർ ഉത്തരവ് (കൈ)നം. 125/2024/GEDN തീയതി 30/09/2024

*****

2024-25 വർഷത്തെ കേരള സ്കൂൾ കലോത്സവം തിരുവനന്തപുരം ജില്ലയിലെ വിവിധ വേദികളിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണ്. സൂചന ഉത്തരവ് പ്രകാരം നിലവിലെ സ്കൂൾ കലോത്സവ മാന്വൽ ഭേദഗതികൾ ഉൾപ്പെടുത്തി സമഗ്രമായി പരിഷ്കരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം പുതുതായി 5 ഗോത്ര നൃത്തരൂപങ്ങളെകൂടി മത്സര ഇനങ്ങളായി കലോത്സവ മാന്വലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. പുതുതായി ഉൾപ്പെടുത്തിയ മത്സര ഇനങ്ങൾ ചുവടെ ചേർക്കുന്നു.

1. മംഗലം കളി (മാവിലരുടെയും മല വേട്ടുവരുടെയും മംഗലം കളി)
2. പണിയ നൃത്തം (പണിയരുടെ കമ്പളകളി/വട്ടക്കളി)
3. മലപുലയ ആട്ടം ( മലപുലയരുടെ ആട്ടം)
4. ഇരുള നൃത്തം (ഇരുളരുടെ നൃത്തം അഥവാ ആട്ടം പാട്ടം)
5. പളിയ നൃത്തം (പളിയരുടെ നൃത്തം)

ഈ സാഹചര്യത്തിൽ മേൽ മത്സര ഇനങ്ങളെക്കൂടി ഉൾപ്പെടുത്തികൊണ്ട് സ്കൂൾതലം മുതൽ റവന്യൂ ജില്ലാതലം വരെയുള്ള മത്സരങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുണ്ട്. ആയതിനാൽ സ്കൂൾതല/സബ് ജില്ലാതല/ജില്ലാതല മത്സരങ്ങൾ സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സ്കൂൾതല മത്സരങ്ങൾ ഒക്ടോബർ 15 നകം പൂർത്തിയാക്കേണ്ടതാണ്.
2. സബ് ജില്ലാതല മത്സരങ്ങൾ നവംബർ 10 നകം പൂർത്തിയാക്കേണ്ടതാണ്.
3. ജില്ലാതല മത്സരങ്ങൾ ഡിസംബർ 3 നകം പൂർത്തിയാക്കേണ്ടതാണ്.
4. കലോത്സവ വെബ് സൈറ്റിൽ മത്സരാർത്ഥികളുടെ വിവരങ്ങൾ ചേർക്കുന്നത് സമ്പൂർണയിൽ നിന്നുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം.
5. രജിസ്ട്രേഷൻ സമയത്ത് കുട്ടികളുടെ ഫോട്ടോ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.
6. രജിസ്ട്രേഷൻ സമയത്ത് കുട്ടികളുടെ ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ

ചേർക്കേണ്ടതില്ല.

7. സംസ്ഥാന മത്സരത്തിൽ 'എ' ഗ്രേഡ് ലഭിക്കുന്ന കുട്ടികളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ മാത്രം വെബ് സൈറ്റിൽ രേഖപ്പെടുത്തിയാൽ മതിയാകും. സംസ്ഥാന മത്സരത്തിന് ശേഷം 'എ' ഗ്രേഡ് ലഭിക്കുന്ന കുട്ടികൾക്ക് ബാങ്ക് അക്കൗണ്ട് വിവരങ്ങൾ വെബ് സൈറ്റിൽ ചേർക്കുന്നതിന് നിശ്ചിത ദിവസം അനുവദിക്കുന്നതാണ്. ഇത് സംബന്ധിച്ച് കൂടുതൽ നിർദ്ദേശങ്ങൾ പിന്നീട് നൽകുന്നതാണ്.
8. മത്സരങ്ങൾ നടത്തുന്ന വേദിയിലെ ഭൗതിക സൗകര്യങ്ങൾ, സാങ്കേതിക സൗകര്യങ്ങൾ എന്നിവ മത്സരയിനങ്ങളുടെ സ്വഭാവത്തിനനുസരിച്ച് ക്രമീകരിക്കാനും, പരാതിരഹിതമാക്കാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.
9. പരാതികൾക്ക് ഇടവരാത്ത വിധത്തിലായിരിക്കണം വിധികർത്താക്കളെ തെരഞ്ഞെടുക്കലും വിധിനിർണ്ണയം നടത്തേണ്ടതും. ഇത് സംബന്ധിച്ച് വ്യക്തവും സുതാര്യവുമായ നിർദ്ദേശങ്ങൾ മത്സരം തുടങ്ങുന്നതിന് മുമ്പ് തന്നെ വിധികർത്താക്കൾക്ക് നൽകേണ്ടതാണ്.
10. ജില്ലാതല മത്സരങ്ങൾക്ക് വിധികർത്താക്കളായി തെരഞ്ഞെടുക്കുന്നവരുടെ പാനൽ ഈ കാര്യാലയത്തിൽ മുൻകൂറായി നൽകേണ്ടതും അനുമതി വാങ്ങേണ്ടതുമാണ്. ജില്ലാ മത്സരങ്ങൾ തുടങ്ങുന്നതിന് ഒരു ആഴ്ച്ച മുൻപ് തന്നെ അനുമതി വാങ്ങിയിരിക്കണം.
11. സ്കൂൾതല/സബ് ജില്ലാതല/റവന്യൂജില്ലാതല കലോത്സവത്തിലെ മത്സര ഫലത്തിനെതിരെ ലഭിക്കുന്ന അപ്പീലുകൾ തീർപ്പാക്കുന്നതിനുള്ള വ്യവസ്ഥകൾ സ്കൂൾ കലോത്സവ മാന്വലിൻറെ അദ്ധ്യായം 13- ൽ വിവരിച്ചിട്ടുണ്ട്. അപ്പീൽ നിരസിച്ച് ഉത്തരവുകൾ നൽകുമ്പോൾ പലപ്പോഴും കാര്യകാരണങ്ങൾ വിശദീകരിച്ചല്ല നൽകുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരം വിശദമല്ലാത്ത ഉത്തരവുകൾ പലപ്പോഴും വിവിധ ജുഡീഷ്യൽ സംവിധാനങ്ങളിലും, കമ്മീഷനുകളിലും ചോദ്യം ചെയ്യപ്പെടുകയും തന്മൂലം അടുത്ത തലത്തിലുള്ള മത്സരത്തിന്റെ സുഗമമായ നടത്തിപ്പ് പ്രയാസകരവുമാകുന്നു. ആയതിനാൽ അപ്പീൽ വിശദമായി പരിശോധിച്ച് അതിൽ ഉന്നയിച്ച വാദഗതികൾ സ്കോർഷീറ്റുകൾ, സ്റ്റേജ് മാനേജരുടെ റിപ്പോർട്ട്, വീഡിയോ റിക്കോർഡിംഗ് എന്നിവയുടെ അടിസ്ഥാനത്തിലും, ആവശ്യമെങ്കിൽ കുട്ടിയെ കൂടി നേരിൽ കേട്ടും കാര്യകാരണ സഹിതം വിശദീകരിച്ച് കൊണ്ടുള്ള ഉത്തരവ് (Speaking Orders ) നൽകുന്നതിന് ബന്ധപ്പെട്ട എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും ശ്രദ്ധിക്കേണ്ടതാണ്.
12. അപ്പീൽ ഉത്തരവ് നൽകുമ്പോൾ അപ്പീൽ കമ്മിറ്റി കൂടുന്നതിന്റെ മിനിറ്റ്സ് തയ്യാറാക്കേണ്ടതും, അപ്പീൽ കമ്മിറ്റി അംഗങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും വ്യക്തമായി രേഖപ്പെടുത്തി ഒപ്പിട്ട് സൂക്ഷിക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം അച്ചടക്ക നടപടികൾ ബഹു.ലോകായുക്ത/ ബഹു.കോടതികൾ എന്നിവിടങ്ങളിൽ നിന്നും നേരിടേണ്ടി വരുന്നതാണ്. ആയതിനാൽ ഇക്കാര്യത്തിൽ ബന്ധപ്പെട്ട അപ്പീൽ കമ്മിറ്റി ചെയർമാൻമാർ അതീവ ശ്രദ്ധ പുലർത്തേണ്ടതാണ്.

13. പൊതു മത്സരത്തിൽ ഒരു മത്സരാർത്ഥിക്ക് വ്യക്തിഗത ഇനത്തിൽ പരമാവധി 3 ഇനങ്ങളിലും ഗ്രൂപ്പ് ഇനത്തിൽ 2 ഇനങ്ങളിലും (സംസ്കൃതോത്സവം/അറബി സാഹിത്യോത്സവം ഉൾപ്പെടെ) മാത്രമേ മത്സരിക്കാൻ കഴിയുകയുള്ളൂ.
14. കേരള സ്കൂൾ കലോത്സവ മാന്വൽ അദ്ധ്യായം 4 കാറ്റഗറി III, വിഭാഗം 1 മുതൽ 15 വരെ സ്കൂൾതലത്തിൽ നിന്നും ഉപജില്ലാ തലത്തിൽ പങ്കെടുക്കുവാൻ അർഹതയുള്ള കുട്ടികളുടെ എണ്ണം സംബന്ധിച്ച് വ്യക്തമായി പരാമർശിച്ചിട്ടുണ്ട്. ഈ എണ്ണത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം കുട്ടികളുടെ ഓൺലൈൻ രജിസ്ട്രേഷൻ നടത്തേണ്ടത്. എന്നാൽ ചില സ്കൂളുകളിൽ നിന്ന് ഈ എണ്ണം അധികരിച്ച് അപ്പീൽ നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഇനങ്ങളുടെ എണ്ണവും കുട്ടികളുടെ എണ്ണവും മാന്വലിലെ നിർദ്ദേശങ്ങൾക്ക് വിധേയമായിരിക്കണം. ഓരോ ഇനത്തിലും മത്സരിക്കുന്ന കുട്ടികളുടെ പരമാവധി എണ്ണം ക്രമപ്പെടുത്തുന്നത് അപ്പീൽ എണ്ണം കൂടി ചേർന്നതായിരിക്കണം. ആയതിനാൽ അപ്പീൽ ലഭിക്കുമ്പോൾ ആ കുട്ടി മത്സരിച്ച ഇനങ്ങളെ സംബന്ധിച്ച് ഒരു സത്യവാങ്മൂലം കൂടി ആ സ്കൂളിൽ നിന്നും വാങ്ങേണ്ടതാണ്. പരമാവധി മത്സരിക്കാവുന്ന എണ്ണത്തിലധികരിച്ച് ലഭിക്കുന്ന അപ്പീലുകൾ പരിഗണിക്കേണ്ടതില്ല. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഈ കാര്യത്തിൽ അതീവ ശ്രദ്ധ പുലർത്തേണ്ടതാണ്.
15. രാത്രി 8 മണിക്ക് ശേഷം വരുന്ന റിസൾട്ടുകളിൽ പിറ്റേ ദിവസം രാവിലെ 10 മണി വരെ അപ്പീൽ സമർപ്പിക്കാവുന്നതാണ്.
16. സബ്ജില്ലാതല മത്സരങ്ങൾക്കുള്ള രജിസ്ട്രേഷൻ നടപടികൾ 01/10/2024 മുതൽ കലോത്സവ വെബ് സൈറ്റിൽ നടത്താവുന്നതാണ്.
17. സ്കൂൾതല/സബ് ജില്ലാതല/ജില്ലാതല മത്സരങ്ങൾ പുതുക്കിയ കേരള സ്കൂൾ കലോത്സവ മാന്വലിലെ വ്യവസ്ഥകൾ പ്രകാരമാണ് നടത്തുന്നതെന്ന് അതാത് വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതാണ്.
18. പുതുതായി ഉൾപ്പെടുത്തിയ 5 ഗോത്ര നൃത്ത രൂപങ്ങൾ 16-മത്തെ വിഭാഗമായി കലോത്സവ മാന്വൽ അധ്യായം 4 കാറ്റഗറി III -ൽ ഉൾപ്പെടുത്തുന്നു. ആയതിൽ പൊതുമത്സരം 'എ' ഗ്രേഡോടുകൂടി ടോപ് സ്കോർ നേടിയ 3 ഇനം 3 ഗ്രൂപ്പിന് സ്കൂൾതലത്തിൽ നിന്നും ഉപജില്ലതലത്തിൽ പങ്കെടുക്കാവുന്നതാണ്.
19. പുതുതായി ഉൾപ്പെടുത്തിയ 5 ഗോത്ര നൃത്ത രൂപങ്ങൾ 15-മത്തെ വിഭാഗമായി കലോത്സവ മാന്വൽ അധ്യായം 5 ൽ കാറ്റഗറി IV-ൽ ഉൾപ്പെടുത്തുന്നു. ആയതിൽ പൊതുമത്സരം 'എ' ഗ്രേഡോടുകൂടി ടോപ് സ്കോർ നേടിയ 3 ഇനം 3 ഗ്രൂപ്പിന് സ്കൂൾതലത്തിൽ നിന്നും ഉപജില്ലാതലത്തിൽ പങ്കെടുക്കാവുന്നതാണ്.

Signed by
Shanavas S
Date: 07-10-2024 17:13:07

സ്വീകർത്താവ്:

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

2. എല്ലാ ആർ.ഡി.ഡി മാർക്കും (ഹയർസെക്കന്ററി വിഭാഗം)
3. എല്ലാ എ.ഡി. മാർക്കും (വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗം)
4. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
5. എല്ലാ പ്രിൻസിപ്പാൾമാർക്കും/പ്രഥമാധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

പകർപ്പ്:

1. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ് (കലോത്സവ വെബ് സൈറ്റിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന്)
2. കരുതൽ ഫയൽ

## സർക്കാർ ഉത്തരവ് (കൈ)നമ്പർ 125/2024/G.EDN തീയതി 30.09.2024 പ്രകാരം കേരള സ്കൂള് കലോത്സവ മാന്വലിൽ താഴെ പറയുന്ന ഭേദഗതികൾ ഉൾപ്പെടുത്തി ഉത്തരവാകുന്നു.

**അധ്യായം I**

**പൊതുനിർദ്ദേശങ്ങൾ**

1.14. ഒരു മത്സരാർത്ഥി വ്യക്തിഗത ഇനങ്ങളിൽ പരമാവധി 3 ഇനങ്ങളിലും ഗ്രൂപ്പിനങ്ങളിൽ രണ്ടെണ്ണത്തിലും മാത്രമേ മത്സരിക്കാൻ പാടുള്ളൂ. [സംസ്കൃതം,അറബിക് കലോത്സവങ്ങൾ ഉൾപ്പെടെ]

**അദ്ധ്യായം – 6**

**സംസ്കൃതോത്സവം**

6.09 [ജനറൽ വിഭാഗം, സംസ്കൃതോത്സവം എന്നിവയിലായി ഒരു കുട്ടിക്ക് പരമാവധി 3 വ്യക്തിഗത ഇനങ്ങളിലും 2 ഗ്രൂപ്പ് ഇനങ്ങളിലും മാത്രമേ മത്സരിക്കുവാൻ പാടുള്ളൂ.]

**അദ്ധ്യായം – 7**

**അറബിക് സാഹിത്യോത്സവം**

7.04 [ജനറൽ വിഭാഗം, അറബിക് സാഹിത്യോത്സവം എന്നീ വിഭാഗങ്ങളിലായി ഒരു കുട്ടി പരമാവധി മൂന്നു വ്യക്തിഗത ഇനങ്ങളിലും രണ്ടു ഗ്രൂപ്പ് ഇനങ്ങളിലും മാത്രമേ പങ്കെടുക്കാൻ പാടുള്ളൂ.]

**അദ്ധ്യായം – 8**

**സ്കൂൾതല കലോത്സവം – നടത്തിപ്പ് സംബന്ധിച്ച നിബന്ധനകൾ**

8.03. മത്സരത്തിൽ പങ്കെടുക്കുന്നതിനു പ്രവേശന ഫീസ് ഈടാക്കാൻ പാടില്ല. മത്സരങ്ങളുടെ നടത്തിപ്പിനായി ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകൾക്കും ഹൈസ്കൂളുകൾക്കും [20,000/– രൂപയും] യു.പി., എൽ.പി സ്കൂളുകൾക്ക് [10,000/– രൂപയും] പി.റ്റി.എ ഫണ്ടിൽനിന്നും ചെലവഴിക്കാൻ ഹെഡ്മാസ്റ്റർമാർക്ക്/ പ്രിൻസിപ്പൽമാർക്ക് അധികാരമുണ്ടായിരിക്കും

8.04 കലോത്സവ നടത്തിപ്പിന്റെ നിർവ്വാഹക സമിതിയുമായി ആലോചിച്ച് ഓരോ മത്സരവും വിലയിരുത്തുന്നതിന് അതതു കലകളിൽ പ്രാവീണ്യമുള്ളവരെ പരാതിക്കിടവരാത്ത വിധം [ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അനുമതിയോടുകൂടി] വിധികർത്താക്കളായി ഹെഡ്മാസ്റ്റർ/പ്രിൻസിപ്പൽ നിയമിക്കേണ്ടതാണ്.

അധ്യായം – 9

## ഉപജില്ലാതല സ്കൂൾ കലോത്സവം – നടത്തിപ്പുസംബന്ധിച്ച നിബന്ധനകൾ

9.01 എല്ലാ വർഷവും വിദ്യാഭ്യാസ കലണ്ടർ പ്രകാരമോ [അല്ലെങ്കിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നുള്ള അറിയിപ്പ് പ്രകാരമോ] ഓരോ ഉപജില്ലയിലും കേരള സ്കൂൾ കലോത്സവം നടത്തേണ്ടതാണ്. വിദ്യാഭ്യാസ ഉപജില്ലയിലെ ഏതെങ്കിലും ഒരു സ്കൂളിൽ വച്ച് ഇതു നടത്താവുന്നതാണ്. ഉപജില്ലാ മത്സരങ്ങൾ പൊതുചടങ്ങായി ആർഭാടരഹിതമായി നടത്തേണ്ടതാണ്. കലോത്സവം നടക്കുന്ന വിദ്യാലയങ്ങളെ വർഷാദ്യത്തിൽതന്നെ തെരഞ്ഞെടുക്കേണ്ടതാണ്.

9.04 ഉപജില്ലയിലെ ഓരോ വിദ്യാലയവും ഉപജില്ലാമത്സരനടത്തിപ്പിനായി സ്കൂള് സ്പെഷ്യൽ ഫീസ്/പി.റ്റി.എ ഫണ്ടിൽ നിന്നും തങ്ങളുടെ വിഹിതം നൽകേണ്ടതാണ്. ആയിരത്തിൽ താഴെ കുട്ടികളുള്ള ഹൈസ്കൂൾ [1000/– രൂപയും] വി.എച്ച്.എസ്.എസ്/ എച്ച്. എസ്.എസ് [2000/–രൂപയും] ആയിരത്തിനു മുകളിൽ കുട്ടികളുള്ള ഹൈസ്കൂൾ [1500/– രൂപയും] വി.എച്ച്.എസ്.എസ്, എച്ച്.എസ്.എസ്. [3000/– രൂപയും] എല്ലാ യു.പി സ്കൂളുകൾ [750/– രൂപയും] ഉപജില്ലാ വിദ്യാഭ്യാസ ആഫീസർക്കു നൽകേണ്ടതാണ്. കുട്ടികളുടെ യാത്രയ്ക്കും ഭക്ഷണത്തിനും ആവശ്യമായ തുക എസ്കർഷൻ/പി.റ്റി.എ ഫണ്ടിൽ നിന്നും ചെലവാക്കാവുന്നതാണ്.

9.06 ഫെസ്റ്റിവൽ ഫണ്ടിൽ നിന്നും എച്ച്.എസ്.ഇ/വി.എച്ച്.എസ്.ഇ വിഭാഗങ്ങൾ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള തുക സബ്ജില്ല/ജില്ല/സംസ്ഥാന വിഹിതമായി അടയ്ക്കേണ്ടതാണ്. ഈ തുക [പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നുള്ള നിർദ്ദേശ പ്രകാരം സ്കൂളുകള് നേരിട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പേരിലുള്ള അക്കൗണ്ടിലേയ്ക്ക് (ഓൺലൈനായി) ഒടുക്കേണ്ടതാണ്.]

9.08 ഉപജില്ലാ കലോത്സവത്തിന്റെ വരവുചെലവ് കണക്കുകൾ [വകുപ്പുതല ഓഡിറ്റ്] നടത്തിയ ശേഷം സംഘാടക സമിതി അംഗീകരിക്കണം. കണക്കുകൾ ഇപ്രകാരം ഒരു മാസത്തിനകം അംഗീകരിച്ചിരിക്കണം. ഓഡിറ്റിനു മുൻപായി വരവുചെലവു കണക്കുകളെല്ലാം [ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറും കമ്മിറ്റി അംഗങ്ങളും വിശദമായി] ചർച്ചചെയ്ത് അംഗീകരിക്കണം. വിദ്യാഭ്യാസ ഡയറക്ടർ നൽകുന്ന തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ മത്സരങ്ങൾ കഴിഞ്ഞ് ഒരു മാസത്തിനകം വിദ്യാഭ്യാസ ഡയറക്ടർക്കു നൽകിയിരിക്കണം. കണക്കുകളുടെ ഓഡിറ്റ് നടത്തുന്നതിനു വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കും. സർക്കാർ ഫണ്ടു വിനിയോഗം സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം നടത്തേണ്ടതാണ്.

9.09 ചെലവുകഴിഞ്ഞു ബാക്കിവരുന്ന തുക വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറെ ഏൽപ്പിക്കേണ്ടതും ഡെപ്യൂട്ടി ഡയറക്ടർ [തുക പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റ് എടുത്ത് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലേയ്ക്ക് അയക്കേണ്ടതാണ്.]

9.19 ഉപജില്ലാ മത്സരങ്ങൾ കഴിഞ്ഞാലുടൻ അവയുടെ നടത്തിപ്പിനെക്കുറിച്ചുള്ള റിപ്പോർട്ടും റവന്യൂ ജില്ലാമത്സരത്തിനു തെരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ് [സോഫ്റ്റ് കോപ്പി ഉൾപ്പെടെ] വിദ്യാഭ്യാസ ഉപഡയറക്ടർക്കു നൽകേണ്ടതാണ്. കോപ്പി പ്രോഗ്രാം കമ്മിറ്റി കൺവീനർക്കും റവന്യൂജില്ലാ മത്സരത്തിന് അഞ്ചു ദിവസം മുമ്പ് നൽകേണ്ടതാണ്.

**അധ്യായം – 10**

**റവന്യൂ ജില്ലാതല സ്കൂൾ കലോത്സവം – നടത്തിപ്പുസംബന്ധിച്ച നിബന്ധനകൾ**

10.5 റവന്യൂ ജില്ലാതല സംഘാടക സമിതിയുടെ ഘടന താഴെ കൊടുത്ത പ്രകാരമായിരിക്കും.

**ജോയിന്റ് കൺവീനർ**

റീജണൽ ഡെപ്യൂട്ടി ഡയറക്ടർ, അസി.ഡയറക്ടർ, മേള നടത്തുന്ന വിദ്യാലയത്തിലെ പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർ, ഡയറ്റ് പ്രിൻസിപ്പൽ [ഡി.പി.സി (എസ്.എസ്.കെ)]

10.07 സർക്കാരിൽ നിന്നും അനുവദിക്കുന്ന തുക പൊതുവിദ്യാഭ്യാസ ഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് വീതം വച്ചു നൽകുന്നതായിരിക്കും. ഈ തുക മതിയായില്ലെങ്കിൽ റവന്യൂജില്ലാ കലോത്സവത്തിനുവേണ്ടി പൊതുജനങ്ങളിൽ നിന്നോ സ്പോൺസർഷിപ്പ് വഴിയോ കൂപ്പണുകൾ വഴിയോ ധനസമാഹരണം നടത്താവുന്നതാണ്. കലോത്സവത്തിന്റെ വരവുചെലവു കണക്കുകൾ ഒരു മാസത്തിനകം [വകുപ്പുതല ഓഡിറ്റ് നടത്തി] സംഘാടകസമിതിയുടെ അംഗീകാരം വാങ്ങേണ്ടതാണ്. ചെലവുകഴിഞ്ഞു ബാക്കിവരുന്ന തുക ഡെപ്യൂട്ടി ഡയറക്ടർ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പേരിൽ ഡിമാൻറ് ഡ്രാഫ്റ്റ് എടുത്ത് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലേയ്ക്ക് അയക്കേണ്ടതാണ്.

10.09 വിധികർത്താക്കളുൾപ്പെടുന്ന [പാനൽ തയ്യാറാക്കി മത്സരത്തിന് നിയോഗിക്കുന്നതിനുള്ള ചുമതല അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കായിരിക്കും. ] ഒരിനത്തിൽ മത്സരിക്കുന്ന എല്ലാവരെയും വിലയിരുത്തുന്നത് ഒരേ സംഘം വിധികർത്താക്കൾ ആയിരിക്കണം. മത്സരം തുടങ്ങുന്നതിനു മുമ്പായി വിധികർത്താക്കളുടെ പേരുവിവരവും യോഗ്യതയും വേദിയിൽ പ്രഖ്യാപിക്കണം. ഫോട്ടോ പതിപ്പിച്ച ഐഡൻറിറ്റി കാർഡ് വിധികർത്താക്കൾക്ക് നിർബന്ധമായും നൽകേണ്ടതാണ്. വിധി നിർണ്ണയം നടത്തുന്ന അവസരത്തിൽ മാത്രം നിർബന്ധമായും ഐഡൻറിറ്റി കാർഡ് ധരിക്കുകയും മത്സരം കഴിയുമ്പോൾ ബന്ധപ്പെട്ട കമ്മിറ്റിക്ക് തിരികെ നൽകേണ്ടതുമാണ്.

10.15 റവന്യൂ തലത്തിൽ അപ്പീൽ ഫീസ് [5000/–] രൂപയായിരിക്കും. അപ്പീൽ തീർപ്പ് അനുകൂലമായാൽ അപ്പീൽ ഫീസ് മുഴുവൻ തിരിച്ചു നൽകുന്നതാണ്.

അദ്ധ്യായം – 11

## സംസ്ഥാന സ്കൂൾ കലോത്സവം – നടത്തിപ്പ് സംബന്ധിച്ച നിബന്ധനകൾ

### സംഘാടക സമിതി

[കോർഡിനേറ്റർ :ഒഴിവാക്കുന്നു.]

ജോയിന്റ് ജനറൽ കോർഡിനേറ്റർ: [സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടർ (എസ്.എസ്.കെ.)
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ(കൈറ്റ്)

ജോയിന്റ് ജനറൽ കൺവീനർ: അഡീഷണൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ (അക്കാദമിക്), ജോയിന്റ് ഡയറക്ടർ [(അക്കാദമിക്)],
ജോയിന്റ് ഡയറക്ടർ[(അക്കാദമിക്)],
ഹയർസെക്കന്ററി, ഡെപ്യൂട്ടി ഡയറക്ടർ
വൊക്കേഷണൽ ഹയർസെക്കന്ററി [ (ജനറൽ) ]

കൺവീനർമാർ : മത്സരം നടക്കുന്ന റവന്യൂ ജില്ലയിലെ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കണ്ടറി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, വി.എച്ച്.എസ്.ഇ അസിസ്റ്റന്റ് ഡയറക്ടർ, ഡയറ്റ് പ്രിൻസിപ്പൽ, [ഡി.പി.സി (എസ്.എസ്.കെ)]

വൈസ് പ്രസിഡൻറുമാർ: [സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടർ (എസ്.എസ്.കെ.)
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ(കൈറ്റ്)]
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്)
[ജോയിന്റ് ഡയറക്ടർ (അക്കാദമിക്), ഹയർ സെക്കന്ററി, ഡെപ്യൂട്ടി ഡയറക്ടർ (ജനറൽ) വൊക്കേഷണൽ ഹയർ സെക്കന്ററി]

11.04 സംസ്ഥാന കലോത്സവത്തിന്റെ പൂർണമായ ഉത്തരവാദിത്വം വഹിക്കുന്നത് സംഘാടക സമിതിയാണ്. വിവിധ കമ്മിറ്റികളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതും കാര്യക്ഷമമാക്കുന്നതും ഈ കമ്മിറ്റിയുടെ മുഖ്യ കർത്തവ്യമാണ്. കലോത്സവ നടത്തിപ്പിനായി [വിവിധ കമ്മിറ്റികൾക്കുള്ള] ബഡ്ജറ്റ് തയ്യാറാക്കുന്നതും, തുക അനുവദിക്കുന്നതും [ജനറൽ കൺവീനറാണ്. ] കലോത്സവം കഴിഞ്ഞതിനു ശേഷം ജനറൽ കൺവീനർ തയ്യാറാക്കുന്ന വരവുചെലവു [കണക്കുകൾ വകുപ്പുതല ഓഡിറ്റിനു വിധേയമാക്കി റിപ്പോർട്ട്] വിദ്യാഭ്യാസ ഡയറക്ടർക്ക് ഒരു മാസത്തിനകം സമർപ്പിക്കേണ്ടതാണ്.

അദ്ധ്യായം – 12

**കമ്മറ്റികളും ചുമതലകളും**

**(ഡി) പ്രോഗ്രാം കമ്മിറ്റി**

**ചുമതലകൾ**

1. ഒഴിവാക്കുന്നു.

**പ്രോഗ്രാം കമ്മിറ്റിയുടെ മറ്റു പ്രധാന ചുമതലകൾ താഴെ കൊടുക്കുന്നു.**

5. വിധികർത്താക്കൾക്കു മത്സരങ്ങൾ വിലയിരുത്തുന്നതിന് ആവശ്യമായ സൗകര്യം ഏർപ്പെടുത്തുക.

15 കോഡ് നമ്പരുകൾ പ്രദർശിപ്പിക്കുന്നതിനായി സ്റ്റാൻഡുകൾ/ [ഡിസ്പ്ലേ ബോർഡുകൾ] തയ്യാറാക്കുക.

**എച്ച്) അക്കൊമൊഡേഷൻ കമ്മിറ്റി**

**ചുമതലകൾ :**

1 ഈ കമ്മിറ്റി രജിസ്ട്രേഷൻ കമ്മിറ്റിയുമായി സഹകരിച്ച് പ്രവർത്തിക്കേണ്ടതാണ്. വിവിധ ജില്ലകളിൽനിന്നു വരുന്ന [കുട്ടികൾക്ക്] താമസസ്ഥലം നിശ്ചയിച്ച് സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

3 [കലോത്സവവുമായി ബന്ധപ്പെട്ട സബ്കമ്മിറ്റികളുടെ പ്രവർത്തനങ്ങൾക്കായി ഓരോ കമ്മറ്റികൾക്കും രണ്ട് മുറികൾ വീതം ബുക്ക് ചെയ്ത് നൽകേണ്ടതാണ്. വിധികർത്താക്കൾ, മറ്റ് ഉദ്യോഗസ്ഥര്, വിശിഷ്ട വ്യക്തികൾ എന്നിവർക്കുള്ള മുറികൾ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ പബ്ലിക് റിലേഷൻ ഓഫീസർ മുൻകൂട്ടി ബുക്ക് ചെയ്യുന്നതായിരിക്കും.]

**ജെ) ട്രോഫി കമ്മിറ്റി**

**ചുമതലകൾ :**

1. ഒഴിവാക്കുന്നു
2. ഒഴിവാക്കുന്നു

**(കെ) സ്റ്റേജ് & പന്തൽ കമ്മിറ്റി**

4. വേദികളുടെ ഉറപ്പിന് പൊതുമരാമത്ത് വകുപ്പിൽ നിന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് [മത്സരം തുടങ്ങുന്നതിന് 2 ദിവസം മുമ്പ് വാങ്ങി ജനറൽ കൺവീനർക്ക് നൽകേണ്ടതാണ്.]

5 പ്രധാന വേദികൾ, പ്രോഗ്രാം കമ്മിറ്റി റൂം, വിധികർത്താക്കളെ വിന്യസിപ്പിക്കുന്ന ആഫീസ്, മീഡിയാ സെന്റർ, [പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസ്, ഹയർ അപ്പീൽ, ലോവർ അപ്പീൽ എന്നി ഓഫീസുകൾക്ക് ആവശ്യമായ ഇന്റർനെറ്റ് സംവിധാനം] ഏർപ്പെടുത്തുക

**പുതുതായി ഉൾപ്പെടുത്തുന്നത്**

10. [പ്രധാന വേദിക്കരികൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ആവശ്യാനുസരണം ടോയ്‌ലറ്റ് സംവിധാനം ഏർപ്പെടുത്തണം.]

**എൽ) ലൈറ്റ് & സൗണ്ട് കമ്മിറ്റി**

**ചുമതലകൾ**

1. പന്തൽ, വേദികൾ, സ്റ്റാളുകൾ, ഗ്രീൻ റൂം, താമസസ്ഥലങ്ങൾ, പാചകപ്പുര, ഇതിനോടനുബന്ധിച്ചുള്ള മറ്റു സ്ഥലങ്ങൾ, ഭക്ഷണപ്പുര, മീഡിയാ സെന്ററുകൾ, [പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസ്, ഹയർ അപ്പീൽ, ലോവർ അപ്പീൽ തുടങ്ങിയ സ്ഥലങ്ങളിൽ എല്ലാ സമയത്തും വെളിച്ചം ലഭിക്കാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുക. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസ്, ഹയർ അപ്പീൽ, വിധികർത്താക്കൾക്കുള്ള മുറി, പ്രധാന വേദിയോടു ചേർന്നുള്ള വി.ഐ.പി. മുറികൾ എന്നിവിടങ്ങളിൽ ആവശ്യത്തിന് ശീതീകരണ സംവിധാനം ഏർപ്പെടുത്തുക]

2 [വേദികൾ, സ്റ്റാളുകൾ, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസ്, ഹയർ അപ്പീൽ, ലോവര് അപ്പീൽ, വിധികർത്താക്കൾക്കുള്ള മുറി, മീഡിയാ സെൻററുകൾ എന്നിവിടങ്ങളിൽ ] ആവശ്യത്തിന് പ്ലഗ് പോയിന്റ്, ആവശ്യത്തിനുള്ള ലീഡുകൾ, മൈക്ക് ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ എന്നിവ സജ്ജീകരിക്കുക.

10 വൈദ്യുതി സുരക്ഷയുമായി ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ [ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്ന് 2 ദിവസം മുമ്പ് വാങ്ങി ജനറൽ കൺവീനർക്ക്] നൽകേണ്ടതാണ്.

**ഒ)സാംസ്കാരിക കമ്മിറ്റി ഒഴിവാക്കുന്നു.**

**അധ്യായം – 13**

**അപ്പീൽ കമ്മിറ്റി**

**സ്കൂൾതല അപ്പീൽ കമ്മിറ്റി**

2. ഫലം പ്രഖ്യാപിച്ച് ഒരു മണിക്കൂറിനകം [1000/ രൂപ] സഹിതം പരാതികൾ അനുബന്ധം രണ്ടിൽ കൊടുത്തിരിക്കുന്ന ഫോറത്തിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കോ സ്കൂൾ പ്രിൻസിപ്പളിനോ, ഹെഡ്മാസ്റ്റർക്കോ മത്സരാർത്ഥി നൽകേണ്ടതാണ്. അപ്പീൽ തീർപ്പ് അനുകൂലമായാല് അപ്പീൽ ഫീസ് മുഴവൻ തിരിച്ചു നൽകുന്നതാണ്. ടി തുക മേളയുടെ സംഘാടക സമിതിക്കു കൈമാറേണ്ടതാണ്.

## ഉപജില്ലാതല അപ്പീൽ കമ്മിറ്റി

3. ഉപജില്ലാതല മത്സരഫലം പ്രഖ്യാപിച്ച് ഒരു മണിക്കൂറിനകം [2000/- രൂപ] ഫീസ് സഹിതം പരാതികൾ അനുബന്ധം രണ്ടിൽ കൊടുത്തിരിക്കുന്ന മാതൃകയിൽ തയ്യാറാക്കി ബന്ധപ്പെട്ട ജനറൽ കൺവീനർക്ക്/മത്സരാർത്ഥി/ടീം മാനേജർ നൽകേണ്ടതാണ്. അപ്പീൽ തീർപ്പ് അനുകൂലമായാൽ അപ്പീൽ ഫീസ് മുഴുവൻ തിരിച്ച് നൽകുന്നതാണ്. അപ്പീലിന് ആവശ്യമായ ചെലവുകൾ എ.ഇ.ഒ തന്നെ വഹിക്കേണ്ടതും ബാക്കി വരുന്ന തുക എ.ഇ.ഒ സൂക്ഷിക്കേണ്ടതുമാണ്.

## റവന്യൂജില്ലാതല അപ്പീൽ കമ്മിറ്റി

1. റവന്യൂജില്ലാ കലോത്സവ മത്സരങ്ങളുടെ വിധിനിർണ്ണയത്തിനെതിരെ പരാതികൾ ഉണ്ടെങ്കിൽ അവ തീർപ്പുകൽപ്പിക്കുന്നതിനായി [പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടർ/പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടര്/മറ്റ് ജില്ലകളിലെ വിദ്യാഭ്യാസ ഉപഡയറക്ടർ] ചെയർമാനും അതതു മേഖലയിലെ ആർ.ഡി.ഡി.യും (എച്ച്.എസ്.ഇ) അസിസ്റ്റൻറ് ഡയറക്ടർ (വി.എച്ച്.എസ്.ഇ) ഉൾപ്പെടെയുള്ളവരെ അംഗങ്ങളായിച്ചേർത്ത് അപ്പീൽ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. അപ്പീൽ കമ്മിറ്റിയിൽ ചെയർമാനുള്പ്പെടെ 9 അംഗങ്ങൾ ഉണ്ടായിരിക്കും. താഴെപ്പറയുന്ന വിവിധ കലാരംഗങ്ങളിൽ പ്രവർത്തിക്കുന്ന പ്രശസ്തരായ കലാകാരൻമാരെ ഡെപ്യൂട്ടി ഡയറക്ടർ അംഗങ്ങളായി, അവരുടെ സമ്മതത്തോടെ നാമനിർദ്ദേശം ചെയ്യണം. ഇവർക്കു പുറമെ ഏതെങ്കിലും വിഭാഗത്തിൽ വിദഗ്ധരുടെ സേവനം ആവശ്യമായി വരികയാണെങ്കില് അവരെ ഉൾപ്പെടുത്തുന്നതിന് കൺവീനർക്ക് അധികാരമുണ്ടായിരിക്കും. [അപ്പീൽ കമ്മിറ്റി ചെയർമാനെ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും നിശ്ചയിച്ചു നൽകുന്നതായിരിക്കും].

1. ശാസ്ത്രീയ നൃത്തങ്ങളിൽ വിദഗ്ധൻ/വിദഗ്ധ
2. ശാസ്ത്രീയ ലളിതസംഗീതത്തില് വിദഗ്ധൻ/വിദഗ്ധ
3. ഉപകരണ സംഗീതത്തിൽ വിദഗ്ധൻ/വിദഗ്ധ
4. ചിത്രകലയിൽ വിദഗ്ധൻ/വിദഗ്ധ
5. താളവാദ്യത്തിൽ വിദഗ്ധൻ/വിദഗ്ധ
6. ഭാഷാസാഹിത്യത്തിൽ വിദഗ്ധൻ/വിദഗ്ധ
7. [മാപ്പിള കലയിലെ വിദഗ്ധൻ/വിദഗ്ധ]

5. റവന്യൂ ജില്ലാതല മത്സരഫലം പ്രഖ്യാപിച്ച് ഒരു മണിക്കൂറിനകം [3000/- രൂപ] ഫീസ് സഹിതം പരാതികൾ അനുബന്ധം രണ്ടിൽ കൊടുത്തിരിക്കുന്ന മാതൃകയിൽ പരാതികൾ തയ്യാറാക്കി ബന്ധപ്പെട്ട ജനറൽ കൺവീനർക്ക് മത്സരാർത്ഥി/ടീം മാനേജർ നൽകേണ്ട താണ്. അപ്പീൽ തീർപ്പ് അനുകൂലമായാൽ അപ്പീൽ ഫീസ് മുഴുവൻ തിരിച്ചു നൽകുന്ന താണ്. അനുകൂലമല്ലെങ്കിൽ ടി തുക മേളയുടെ സംഘാടക സമിതിക്കു കൈമാറേണ്ട താണ്.

## സംസ്ഥാനതല അപ്പീൽ കമ്മിറ്റി

1. സംസ്ഥാനതല കലോത്സവ മത്സരങ്ങളുടെ വിധി നിർണ്ണയത്തിനെതിരെയുള്ള പരാതി കേൾക്കുന്നതിനും തീർപ്പ കൽപ്പിക്കുന്നതിനുമായി പൊതുവിദ്യാഭ്യാസ ഡയറക്ടർ ചെയർമാനായുള്ള അപ്പീൽ കമ്മിറ്റി [രൂപീകരിക്കണം]. അപ്പീൽ കമ്മിറ്റിയിൽ വിവിധ കലാരംഗത്ത് പ്രാവീണ്യമുള്ള പ്രശസ്തരായ കലാകാരൻമാരെ പൊതുവിദ്യാഭ്യാസ ഡയറക്ടർ നിയമിക്കേണ്ടതാണ്. താഴെപ്പറയുന്ന വിവിധ കലാരംഗങ്ങളില് പ്രവർത്തി ക്കുന്ന പ്രശസ്തരായ കലാകാരൻമാരെ പൊതുവിദ്യാഭ്യാസ ഡയറക്ടർ മെമ്പർമാരായി, അവരുടെ സമ്മതത്തോടെ നാമനിർദ്ദേശം ചെയ്യണം. അപ്പീൽ കമ്മിറ്റിയിൽ ചെയർമാനുൾപ്പെടെ [9] അംഗങ്ങൾ ഉണ്ടായിരിക്കും.

6 സംസ്ഥാനതല മത്സരഫലം പ്രഖ്യാപിച്ച് ഒരു മണിക്കൂറിനകം [5000/– രൂപ] ഫീസ് സഹിതം അനുബന്ധം രണ്ടിൽ കൊടുത്തിരിക്കുന്ന മാതൃകയിൽ പരാതികൾ തയ്യാറാക്കി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് മത്സരാർത്ഥി/ടീം മാനേജർ നൽകേണ്ടതാണ്. അപ്പീൽ തീർപ്പ് അനുകൂലമായാൽ അപ്പീൽ ഫീസ് മുഴുവന് തിരിച്ചു നൽകുന്നതാണ്. അല്ലാത്ത പക്ഷം ഈ തുക ഫെസ്റ്റിവല് ഫണ്ടിലേക്കു മുതൽ കൂട്ടുന്നതാണ്.

10. സംസ്ഥാനതല മത്സരത്തിൽ ജില്ലാതല അപ്പീലിലൂടെ വരുന്ന മത്സരാർത്ഥി ജില്ലാ തലത്തിൽ നിന്നും മത്സരിച്ചു വിജയിച്ച [മത്സരാർത്ഥിയേക്കാൾ മെച്ചപ്പെട്ട സ്കോർ] ലഭിച്ചാൽ മാത്രമേ ഗ്രേഡിനും മറ്റ് ആനുകൂല്യങ്ങൾക്കും പരിഗണിക്കുകയുള്ളൂ.

12. ജില്ലാതല അപ്പീലിലൂടെ സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കുന്ന മത്സരാർത്ഥി [10000/– രൂപ] നിരതദ്രവ്യം കെട്ടി വയ്ക്കേണ്ടതാണ്. 10, 11 ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന പ്രകാരം സ്കോർ മെച്ചപ്പെടുത്തിയില്ലെങ്കിൽ തുകയും സർട്ടിഫിക്കറ്റും ലഭിക്കുകയില്ല.

## പുതുതായി ഉൾപ്പെടുത്തുന്നത്

14. [ഹയർ അപ്പീൽ കൊടുത്തിരിക്കുന്ന മത്സരാർത്ഥികൾക്ക് ആയതിന്മേൽ തീരുമാനം വന്നതിനുശേഷം മാത്രമേ അർഹരായവർക്ക് ലോവർ അപ്പീലിന്റേയും ഹയർ അപ്പീലിന്റേയും തുക മടക്കി നൽകേണ്ടതുള്ളൂ.]

## അധ്യായം – 14

## കേരള സ്കൂൾ കലോത്സവം : പൊതുനിബന്ധനകൾ

1. **ഒഴിവാക്കുന്നു.**

10. നൃത്ത ഇനങ്ങൾക്ക് പിന്നണിയിൽ റിക്കോർഡ് ചെയ്ത സി.ഡി/[പെൻഡ്രൈവ്/ ഹാർഡ് ഡിസ്ക്] എന്നിവ മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ. പാട്ടുകൾക്കു ചേർന്ന വിധത്തിലുള്ള വാദ്യോപകരണങ്ങള് മാത്രമേ ഉപയോഗിക്കാവൂ. ഭരതനാട്യത്തിനു വയലിൻ, മൃദംഗം, വീണ, നാട്യാംഗം എന്നീ ഉപകരണങ്ങൾ മാത്രമേ ഉപയോഗിക്കാവൂ. മോഹിനിയാട്ടത്തിന് വയലിൻ, വീണ, മൃദംഗം, നാട്യാംഗം, ഇടക്ക,ഓടക്കുഴൽ എന്നിവ ഉപയോഗിക്കാവുന്നതാണ്. എല്ലാ നൃത്തയിനങ്ങൾക്കും ഓടക്കുഴൽ ഉപയോഗിക്കാവുന്നതാണ്.

29 ഗസലിൽ ശ്രുതി നിർബന്ധമാണ്. തബല, ഹാർമോണിയം എന്നിവ അഭികാമ്യം. ഗസൽ ഉറുദു ഭാഷയിൽ തന്നെ ആലപിക്കണം. മത്‌ല (പല്ലവി), മക്ത (തൂലികാ നാമം), ശേർ (ഈരടികൾ), ബെഹർ (വൃത്തം), രദീഫ്-കാഫിയ (പ്രാസം), ഖയാൽ (അർത്ഥ വ്യാപ്തി) തുടങ്ങിയവ നിർബന്ധമായും തിരഞ്ഞെടുക്കുന്ന ഗസലിൽ ഉണ്ടായിരിക്കണം. ശേറുകളുടെ എണ്ണം ഒറ്റസംഖ്യ ആയിരിക്കണം (3, 5, 7). വിധികർത്താക്കളിൽ [രണ്ടുപേർ] ഉറുദുവില് പ്രാവീണ്യമുള്ളവർ ആയിരിക്കണം. [ഒരാൾ] ഗസൽ ഗായകനോ ഹിന്ദുസ്ഥാനി സംഗീതത്തില് പ്രാഗത്ഭ്യമുള്ള ആളോ ആയിരിക്കണം.

31 മത്സരത്തിൽ വിധികർത്താക്കളായി വരുന്നവരുടെ തിരിച്ചറിയൽ രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. ഇവർക്ക ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ രേഖ [പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും] നൽകേണ്ടതാണ്.

32. വഞ്ചിപ്പാട്ട് രണ്ട് ശൈലിയിലുണ്ട്. കുട്ടനാടൻ ശൈലിയും ആറൻമുള ശൈലിയും. കുട്ടനാടൻ ശൈലി വളരെ പതിഞ്ഞതും ആറൻമുള ശൈലി ചടുലവുമാണ്. മത്സര രംഗത്ത് ഇവ രണ്ടും ഉൾപ്പെടുമെന്നതിനാൽ ശൈലിയുടെ അടിസ്ഥാനത്തിൽ വിലയിരുത്തൽ നടത്തേണ്ടതാണ്. അതുകൊണ്ട് മൂന്ന് വിധികർത്താക്കളിൽ ഒരാളെങ്കിലും [ആറൻമുള/കുട്ടനാട്] ശൈലിയിൽ പ്രാവീണ്യം നേടിയ ആൾ ആയിരിക്കണം

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - കലോത്സവ മാന്വൽ - ഭേദഗതികൾ ഉൾപ്പെടുത്തി സമഗ്രമായി പരിഷ്കരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(എൻ) വകുപ്പ്**

സ.ഉ.(കൈ) നം.123/2024/GEDN തീയതി,തിരുവനന്തപുരം, 30-09-2024

---

പരാമർശം:-

1. സ.ഉ.(സാധാ)നം.144/2018/പൊ.വി.വ തീയതി 06.10.2018
2. സ.ഉ.(സാധാ)നം.2249/2023/പൊ.വി.വ തീയതി 30.03.2023
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 09.09.2024-ലെ വൈ2/15854/2024/ഡിജിഇ നമ്പർ കത്ത്

**ഉത്തരവ്**

കലോത്സവ മാന്വൽ സമഗ്രമായി പരിഷ്കരിക്കുന്നതിനായി പരാമർശം (2) ലെ ഉത്തരവ് പ്രകാരം കലോത്സവ മാന്വൽ പരിഷ്കരണ കമ്മിറ്റിയും സബ് കമ്മിറ്റിയും രൂപീകരിച്ചുകൊണ്ട് ഉത്തരവായിരുന്നു. തുടർന്ന് ഇതിനായി 3 മേഖലാ യോഗങ്ങൾ ചേരുകയും കരട് നിർദ്ദേശങ്ങൾ വിശദമായി ചർച്ച ചെയ്ത് നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയ സമഗ്രമായ കരട് തയ്യാറാക്കി പരിഷ്കരണ കമ്മിറ്റിക്ക് മുൻപാകെ സമർപ്പിക്കുകയും പ്രസ്തുത കമ്മിറ്റി 21/06/23- ന് യോഗം ചേർന്ന് അന്തിമ രൂപം നൽകുകയും ചെയ്തു. തുടർന്ന് 12/09/2023 -ന് ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കലോത്സവ മാന്വൽ പരിഷ്കരണ കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികൾ കൂടി ഉൾപ്പെടുത്തി പുതുക്കിയ നിർദ്ദേശങ്ങൾ സമർപ്പിക്കുവാനും ആദിവാസി ഗോത്രകലകൾ കൂടി മത്സര ഇനമായി ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുവാനും പൊതുവിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ, നിലവിലുള്ള കലോത്സവ മാന്വലിൽ വരുത്തേണ്ട മാറ്റങ്ങൾ, വിവിധ മേഖലാ യോഗങ്ങളിൽ നിന്ന് ലഭിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പരിഷ്കരണ കമ്മിറ്റി സമർപ്പിച്ച നിർദ്ദേശങ്ങളും ഗോത്രകലകളെ സംബന്ധിച്ച് കിർത്താഡ്സ് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം കലോത്സവത്തിൽ ഉൾപ്പെടുത്തേണ്ട ഗോത്ര നൃത്തരൂപങ്ങൾ കൂടി ഉൾപ്പെടുത്തിയ പരിഷ്കരണ നിർദ്ദേശങ്ങളും ഉൾപ്പെടുത്തി, പരാമർശം (3) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇപ്പോൾ നിലവിലുള്ള കലോത്സവ മാന്വൽ, കലോത്സവ മാന്വൽ പരിഷ്കരണ കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികളും ഗോത്ര

നുത്തരൂപങ്ങളും ഉൾപ്പെടുത്തി സമഗ്രമായി പരിഷ്കരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജുകുമാർ ബി റ്റി

ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

എല്ലാ ജില്ലാ /ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർമാർക്കും

കരുതൽ ഫയൽ/ കാര്യാലയ പകർപ്പ്

ഉത്തരവിൻ പ്രകാരം

**Signed by Prasad R**
**Date: 30-09-2024 11:41:59**

സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ്- സംസ്ഥാന സ്കൂൾ കലോൽസവ മാന്വൽ - ഗോത്ര നൃത്തരൂപങ്ങളായ അഞ്ച് ഇനങ്ങൾ കലോത്സവത്തിൽ ഉൾപ്പെടുത്തി - ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(എൻ) വകുപ്പ്**

സ.ഉ.(കൈ) നം.125/2024/GEDN തീയതി,തിരുവനന്തപുരം, 30-09-2024

---

പരാമർശം:-
1. സ.ഉ(സാധാ)നം.144/2018/പൊ.വി.വ തീയതി 06.10.2018
2. സ.ഉ(സാധാ)നം.2249/2023/പൊ.വി.വ തീയതി 30.03.2023
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 09.09.2024-ലെ വൈ2/15854/2024/ഡിജിഇ നമ്പർ കത്ത്
4. സ.ഉ(കൈ)നം.123/2024/പൊ.വി.വ തീയതി 30.09.2024

**<u>ഉത്തരവ്</u>**

സംസ്ഥാന സ്കൂൾ കലോൽസവ മാന്വൽ, മാന്വൽ പരിഷ്കരണ കമ്മിറ്റി സമർപ്പിച്ച ഭേദഗതികൾ ഉൾപ്പെടുത്തി സമഗ്രമായി പരിഷ്കരിച്ചുകൊണ്ട് പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു. ആദിവാസി ഗോത്രനൃത്തരൂപങ്ങൾ കൂടി മത്സര ഇനമായി ഉൾപ്പെടുത്തിക്കൊണ്ടാണ് മാന്വൽ ഭേദഗതി വരുത്തിയിട്ടുള്ളത്.

2. ഗോത്രകലകളെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ, കിർത്താഡ്സ് ഡയറക്ടർ എന്നിവർ പരാമർശം (3) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗോത്ര നൃത്തരൂപങ്ങളായ മാവിലരുടേയും മല വേട്ടുവരുടേയും മംഗലംകളി, പണിയരുടെ കമ്പളകളി വട്ടക്കളി (പണിയനൃത്തം), ഇരുളരുടെ നൃത്തം (ഇരുള നൃത്തം അഥവാ ആട്ടം പാട്ടം ) പളിയരുടെ പളിയ നൃത്തം, മലപ്പുലയരുടെ ആട്ടം എന്നീ അഞ്ച് ഇനങ്ങൾ കലോത്സവത്തിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുകുമാർ ബി റ്റി
ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ/ ഉപജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും
കരുതൽ ഫയൽ/ കാര്യാലയ പകർപ്പ്

ഉത്തരവിൻ പ്രകാരം
**Signed by Prasad R**
**Date: 30-09-2024 17:58:30**
സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്